25 International Film Festival of Kerala
FEB. 10 >14, 2021
THIRUVANANTHAPURAM

ദേശാഭിമാനി
ചലച്ചിത്രം
പ്രത്യേക പതിപ്പ്
2021 ഫെബ്രുവരി 10



നൈറ്റ് ഓഫ് കിങ്‌സ്

# സിനിമാ സൗഖ്യം

**സിനിമകൾ കുറയാം, കാണികൾ കുറയാം; എങ്കിലും നമുക്ക് തിയറ്ററുകളുടെ ഇരുട്ടിൽ വെള്ളിത്തിരയിലേക്ക് കണ്ണുമിഴിച്ചിരിക്കാതിരിക്കാനാകില്ല, ഒന്നിച്ചുകാണലിന്റെ ആനന്ദം നുകരാതിരിക്കാനാകില്ല, മറ്റെന്തുണ്ട് അതിലും മനോഹരമായി**


■ ഗിരീഷ് ബാലകൃഷ്ണൻ

ഒരു മുറിവുണങ്ങുന്നതിന്റെ ഓർമയാകും ഇക്കുറി മേള. ആഴത്തിലുള്ള ഏതു മുറിവും സൗഖ്യപ്പെടുമെന്ന് കാട്ടിക്കൊടുക്കാൻ നമുക്കീ സിനിമോത്സവം മതിയേ തീരൂ. പ്രളയം വന്ന് സർവതും മുങ്ങിയപ്പോഴും കരകയറിവന്ന പ്രേക്ഷകർ മേളയിലേക്ക് ഒഴുകിയെത്തി. ഏതു പ്രതിസന്ധിക്കും അപ്പുറം ജീവിതത്തിന്റെ സഫലപ്രതീക്ഷ ദൃശ്യപഥങ്ങളിൽ തെളിഞ്ഞു. മഹാമാരിക്കാലത്തും അതേ പ്രതീക്ഷയും ആനന്ദവും തിയറ്ററിലെ ഇരുട്ടുകളിൽ തിളങ്ങുന്നു.

ആധുനിക കേരള സമൂഹത്തിന്റെ വാർഷിക സാംസ്കാരികോത്സവത്തിന് കാൽനൂറ്റാണ്ട് തികയേണ്ടത്, ഇങ്ങനെയായിരുന്നില്ല. വലിയ ഒരുക്കങ്ങളാണ് അണിയറയിൽ സംഭവിച്ചത്. വൈറസിനാൽ എല്ലാം വിഫലമായി. മരണങ്ങൾക്കും മഹാമാരിക്കും മുന്നിൽ ആദ്യം അന്യമായത് മനുഷ്യരുടെ ഒത്തുചേരലിന്റെ ഇമ്പം. കാൻ അടക്കം വമ്പൻ മേളകളെല്ലാം മാറ്റിവയ്ക്കപ്പെട്ടു. സാങ്കേതികവിദ്യയുടെ മറവിൽ അവനവന്റെ ഇടങ്ങളിലേക്ക് മേളകൾ ചുരുങ്ങി. കേരളത്തിന്റെ മേള, അതിന്റെ പാരമ്പര്യാവകാശികളായ പ്രേക്ഷകരെത്തേടി ഇറങ്ങിയാണ് മഹാമാരിയെ മറികടക്കുന്നത്. തിരുവനന്തപുരത്തുനിന്ന് ഐഎഫ്എഫ്കെയുടെ നിലാവുണ്ണുന്ന ചകോരക്കിളി മറ്റു മൂന്ന് നഗരത്തിലേക്കു കൂടി പറന്നുചെല്ലുന്നു. സംഘാടകർക്ക് മുന്നിലുള്ള വെല്ലുവിളി വലുതാണ്. എങ്കിലും ഇങ്ങനെയൊന്ന് ചെയ്യാതിരിക്കാൻ ആവില്ല. മേളപുരസ്കാരം ഏറ്റുവാങ്ങാൻ ലോകസിനിമയുടെ വന്ദ്യവയോധികൻ ജീൻ ലൂക് ഗൊദാർദ് നിയോഗിക്കപ്പെട്ടത് ഒരുപക്ഷേ മഹാമാരിയുടെ മഹാമനസ്കതയാലാകണം. സിനിമയെന്ന മാധ്യമത്തെ തീക്ഷ്ണമായ പരീക്ഷണങ്ങൾക്ക് ഇരയാക്കിയ നിഷേധിയായ വൃദ്ധൻ, ഇക്കുറി മേളയുടെ ഓൺലൈൻപുറത്തുണ്ടാകും.
സിനിമകൾ കുറയാം, കാണികൾ കുറയാം; എങ്കിലും നമുക്ക് തിയറ്ററുകളുടെ ഇരുട്ടിൽ വെള്ളിത്തിരയിലേക്ക് കണ്ണുമിഴിച്ചിരിക്കാതിരിക്കാനാകില്ല, ഒന്നിച്ചുകാണലിന്റെ ആനന്ദം നുകരാതിരിക്കാനാകില്ല, മറ്റെന്തുണ്ട് അതിലും മനോഹരമായി. അതുകൊണ്ടാകാം ഡെലിഗേറ്റ് പാസ് കിട്ടാൻ വായ പൊളിച്ചുപിടിക്കാനും മടിക്കാതെ കോവിഡ് ടെസ്റ്റിങ് കേന്ദ്രങ്ങൾക്കു മുന്നിലും പ്രേക്ഷകർ അകലംപാലിച്ച് കാത്തുനിൽക്കുന്നത്.



നെവർ ഗോണാ സ്നോ എഗെയിൻ



ചുരുളി

## ഉബെർട്ടോ പസോളിനി വീണ്ടും

വർഷങ്ങൾക്ക് മുമ്പ് മാചാൻ എന്ന ശ്രീലങ്കൻ സിനിമയുമായെത്തി മേളയെ ചിരിപ്പിച്ചുകരയിപ്പിച്ച സംവിധായകനാണ് ഉബെർട്ടോ പസോളിനി. അക്കൊല്ലത്ത പ്രേക്ഷകപുരസ്കാരം നേടിമടങ്ങിയ അദ്ദേഹം ഇക്കുറി പുത്തൻ സിനിമ അയച്ചിട്ടുണ്ട്, നോവെയർ സ്പെഷ്യൽ. ജാപ്പനീസ് ചിത്രം വൈഫ് ഓഫ് എ സ്പൈ വെനീസിൽ സിൽവർ ലയൺ നേടിയിട്ടുണ്ട്. കിയോഷി കുറോസാവയാണ് സംവിധായകൻ. തോമസ് വിന്റർബെർഗിന്റെ അനതർ റൗണ്ട്, അഹമ്മദ് ബഹ്റാമിയുടെ ദി വേസ്റ്റ് ലാൻഡ്, ആമോസ് ഗിതായിയുടെ ലൈല ഇൻ ഹൈഫ, ഫ്രാങ്കോയിസ് ഒ സോണിന്റെ സമ്മർ ഓഫ് 85 തുടങ്ങിയവയുമുണ്ട്. റഷ്യൻ ചിത്രം ഡിയർ കോമ്രേഡ്സ് സോവിയറ്റ് യൂണിയനിലെ തൊഴിലാളി പ്രക്ഷോഭത്തിലേക്കാണ് കൂട്ടിക്കൊണ്ടുപോകുന്നത്.

## ചെറുപ്പക്കാർക്ക് എന്തുപറ്റി

അമ്പരപ്പിക്കുന്ന ദൃശ്യഭാഷ ഒരുക്കി ലിജോജോസ് പെല്ലിശ്ശേരിയുടെ ചുരുളിയും ജയരാജിന്റെ ഹാസ്യവും മത്സരയോഗ്യത നേടി. കെ പി കുമാരൻ പ്രായാധിക്യംപോലും അവഗണിച്ച് സ്വന്തമായി പണം കണ്ടെത്തി ഒരുക്കിയ ഗ്രാമവൃക്ഷത്തിലെ കുയിൽ കഥയും കവിതയും ജീവിതവും കലരുന്ന പുത്തൻ സിനിമാഭാഷ പരീക്ഷിക്കുന്നു. എന്നാൽ, പുതുമുഖ സംവിധായകരെന്ന മേളയിലെ സംവരണ വിഭാഗത്തിൽ ഇടംനേടാൻ മത്സരിക്കുന്ന ചിത്രങ്ങൾ മിക്കപ്പോഴും നിരാശപ്പെടുത്തുന്നു. മേളയിൽ അവതരിപ്പിക്കുന്ന ചിത്രങ്ങളിൽ ആറെണ്ണം പുതുമുഖ സംവിധായകരുടേതാകണമെന്ന് അക്കാദമി നിർദേശിക്കുന്നുണ്ട്. കൊറോണ ഭീതിയിലും ആകെ 72 സിനിമയാണ് സമിതിക്ക് മുന്നിലെത്തിയത്. സ്ത്രീസംവിധായകരുടെ രണ്ടു ചിത്രവും. ലോകസിനിമയുമായി നാഭീനാളബന്ധം സൂക്ഷിച്ചിട്ടും മലയാളത്തിലെ യുവസംവിധായകർ പരീക്ഷണങ്ങൾക്ക് മുതിരാൻ മടിക്കുന്നുവെന്ന പരാതി ഉയർത്തുന്നുണ്ട്, മേളയുടെ സിനിമാ തെരഞ്ഞെടുപ്പ് സമിതി. സർക്കാർ സബ്സിഡിയോടെ നിർമിക്കപ്പെടുന്ന സിനിമകൾ പോലും പരമ്പരാഗത രീതികളോട് ടാറ്റ പറയാൻ മടിച്ചുനിൽക്കുന്നു.

## മഹാമാരിക്കൊപ്പം

നവീനമായ ആശയപരീക്ഷണത്തിന് മുതിരുന്ന സ്വതന്ത്ര സിനിമാക്കാർ ഞെട്ടിക്കുന്ന കാഴ്ചാനുഭവം പങ്കുവയ്ക്കുന്നുമുണ്ട്. സ്വതന്ത്ര സിനിമാക്കാർ എക്കാലവും പ്രതിസന്ധികളുടെ ചുഴിയിൽത്തന്നെ. കൊറോണ അവർക്കു മുന്നിൽ ഇനിയും വലിയ വെല്ലുവിളി ഉയർത്തിനിൽക്കുന്നു. സമ്പദ്ഘടനകൾ ചുരുങ്ങുമ്പോൾ സിനിമയുടെ ഫണ്ടിങ് ഏജൻസികൾ വറ്റിവരളുന്നു. തിയറ്ററുകൾ ഇനിയും നിറയാൻ എത്രകാലം കാക്കണം. കാഴ്ചാശീലം ടെലിവിഷനുകളിലേക്കും ലാപ്ടോപ്പുകളിലേക്കും ചുരുങ്ങുമോ. ഇല്ലെന്ന് പറയേണ്ടതുണ്ട് മേളകൾ.

International Film Festival of Kerala
FEB. 10 > MARCH 05, 2021
THIRUVANANTHAPURAM
KOCHI
THALASSERY
PALAKKAD

ചലച്ചിത്രം
2021 ഫെബ്രുവരി 10



# ക്വൊ വാഡിസ്, ഐഡ
## (എങ്ങോട്ടു പോകുന്നു, ഐഡ)

ഉദ്ഘാടന ചിത്രമായ 'ക്വൊ വാഡിസ് ഐഡ' ബോസ്നിയയിൽ 1995ൽ നടന്ന ഭീതിദമായ സംഭവത്തെ ഒരു സ്ത്രീയുടെ അനുഭവത്തിലൂടെ തുറന്നുകാട്ടുന്നു



■ രാജേഷ് ചിറപ്പാട്

ബോസ്നിയൻ സംവിധായികയും തിരക്കഥാകൃത്തുമായ ജാസ്മില സ്ബാനിക്കിന്റെ 'ക്വൊ വാഡിസ് ഐഡ' ബോസ്നിയയിലെ ചെറുപട്ടണമായ സെബ്രിനിക്കയിൽ സെർബിയൻ പട്ടാളം നടത്തിയ കൂട്ടക്കുരുതികളുടെയും അതിക്രമങ്ങളുടെയും കഥപറയുന്നു. 1995ൽ നടന്ന ഭീതിദമായ സംഭവത്തെ ഒരു സ്ത്രീയുടെ അനുഭവത്തിലൂടെ സിനിമയാക്കുകയാണ് സംവിധായിക.

സെബ്രിനിക്കയിൽ ഐക്യരാഷ്ട്ര സംഘടനയുടെ പരിഭാഷകയാണ് ഐഡ. സെർബിയൻ സൈന്യം നഗരം പിടിച്ചെടുക്കുന്നതോടെ യുഎൻ ക്യാമ്പിൽ അഭയം തേടുന്ന ആയിരക്കണക്കിന് ആളുകളിൽ ഐഡയും കുടുംബവും ഉൾപ്പെടുന്നു. അവളുടെ കുടുംബത്തിന്റെ ഭാവി എന്താകും? അവൾ എങ്ങോട്ടാണ് പോകുന്നത്? മരണത്തിലേക്കോ? ജീവിതത്തിലേക്കോ? ഈ ചോദ്യമാണ് സിനിമയുടെ പേരായി നിൽക്കുന്നത്. ഈ പേരിന് ബൈബിളുമായും അതിലെ വിശുദ്ധ പത്രോസുമായും വലിയ ബന്ധമുണ്ട്.

റോമാ സാമ്രാജ്യം ക്രിസ്തുശിഷ്യന്മാരെ വേട്ടയാടിയ കാലത്ത് കുരിശിലേറാൻ വിധിക്കപ്പെട്ട പത്രോസ്, ഭയന്ന് ഒളിച്ചോടി നഗരപ്രാന്തത്തിലൂടെ നടന്നുപോകുമ്പോൾ ഉയിർത്തെഴുന്നേറ്റ ക്രിസ്തുവിനെ കണ്ടുമുട്ടുന്നു. പത്രോസ് യേശുവിനോട് 'എങ്ങോട്ടു പോകുന്നു ' എന്ന് ചോദിക്കുന്നതിന്റെ ലാറ്റിൻ വിവർത്തനമാണ് 'ക്വൊ വാഡിസ്?' അതിന് ക്രിസ്തു പറഞ്ഞ മറുപടിയുടെ ലാറ്റിൻ വിവർത്തനം ഈ വിധമാണ്: 'റെമാം ഇ ഇറ്ററം ക്രൂസിഫാഗെ' ( ഞാൻ വീണ്ടും ക്രൂശിക്കപ്പെടാൻ റോമിലേക്ക് പോകുന്നു) ക്രിസ്തുവിന്റെ ഈ വാക്കുകൾ പത്രോസിന് ധൈര്യം നൽകുകയും അദ്ദേഹം തലകീഴായി ക്രൂശിക്കപ്പെട്ട് രക്തസാക്ഷിത്വം വരിക്കുകയും ചെയ്യുന്നു. സിനിമയുടെ പേരിന് ഈ വിധം ആഴത്തിലുള്ള വേരുകളുണ്ട്. പ്രമേയത്തോട് കാവ്യാത്മകമായും രാഷ്ട്രീയമായും ഇണങ്ങി നിൽക്കുവാൻ 'ക്വൊ വാഡിസ് ഐഡ'? (ഐഡ എങ്ങോട്ടു പോകുന്നു?) എന്ന പേരിന് കഴിയുന്നു. ഈ സംഭവത്തെ ആസ്പദമാക്കിയുള്ള ജാസ്മില സ്ബാനിക്കിന്റെ രണ്ടാമത്തെ സിനിമയാണിത്. 2006 ൽ പുറത്തിറങ്ങിയ 'ഗ്രബ്വാവിക്ക' എന്ന ചിത്രമാണ് ആദ്യത്തേത് .

സെർബിയൻ പട്ടാളക്കാരനാൽ ബലാത്സംഗം ചെയ്യപ്പെട്ട ഒരു ബോസ്നിയൻ യുവതിയുടെ ജീവിതമാണ് ഈ ചിത്രം പറയുന്നത്. ബെർലിൻ ചലച്ചിത്ര മേളയിൽ ഗോൾഡൻ ബിയർ പുരസ്കാരം സിനിമയ്ക്ക് ലഭിച്ചു.

സംവിധായികയ്ക്ക് 17 വയസ്സുള്ളപ്പോഴാണ് സെർബിയൻ സൈന്യം നഗരം പിടിച്ചെടുക്കുന്നത്. അധിനിവേശത്തിൽ 8000 ത്തിലധികം ബോസ്നിയൻ മുസ്ലിങ്ങൾ കൊല്ലപ്പെട്ടു. നിരവധി സ്ത്രീകൾ ബലാത്സംഗം ചെയ്യപ്പെട്ടു.

ഈ സംഭവങ്ങളെക്കുറിച്ച് ഒരു സിനിമ ആരെങ്കിലും ചെയ്തിരുന്നെങ്കിൽ എന്ന് പത്തുവർഷം മുമ്പേ അവർ ആഗ്രഹിച്ചിരുന്നു എന്നാൽ അതിനുള്ള നിയോഗം തനിക്കായിരിക്കുമെന്ന് അന്ന് ചിന്തിച്ചിരുന്നില്ലെന്ന് ജാസ്മില സ്ബാനിക്ക് പറയുകയുണ്ടായി. യുദ്ധം എപ്പോഴും പുരുഷന്റെ ഗെയിമാണ്. അതിനിടയിൽ പെട്ടുപോകുന്ന സ്ത്രീകളുടെ ധൈര്യത്തിന്റെയും സ്നേഹത്തിന്റെയും ഉൽപ്പതിഷ്ണുതയുടെയും കഥ കൂടിയാണ് 'ക്വൊ വാഡിസ് ഐഡ'.


# KERALA STATE AIDS CONTROL SOCIETY



**The Kerala State AIDS Control Society (KSACS),** plays a pivotal role in the state's strategy in combating the HIV/AIDS epidemic. KSACS was formed to implement the National AIDS Control Programme (NACP) in the state. It works under the National AIDS Control Organization (NACO) which is a part of the Ministry of Health and Family Welfare of the Government of India.

**Our vision**

To make everyone in the state safe from HIV/AIDS.

ജ്യോതിസ്

Jyothis or Integrated Counseling and Testing Centers (ICTC) they provide HIV counseling, testing and treatment referrals free of cost.

ഉഷസ്

'Ushus' are the Anti Retroviral Treatment (ART) centres set up in all the Government Medical Colleges in Kerala, functioning under the Department of Medicine. Care, Support and Treatment services for HIV positive people are provided through a network of ART centers.

പുലരി

'Pulari' or STI clinics are centres for the treatment of Sexually Transmitted Infections free of cost to anyone who walks into the clinics.

സുരക്ഷ

Targeted Intervention (TI). The Program is designed to reduce the rate of HIV transmission among the Core Group viz. Female Sex Workers (FSWs), Men having Sex with Men (MSMs), Injecting Drug Users (IDUs), Transgender and Bridge populations like Interstate Migrants and Long Distance Truckers.

KSBTC

Blood Transfusion Service (BTS) focus in the areas of donor selection, management, storage, grouping and cross matching of blood units collected, screening of collected blood for transfusion transmissible infections and rational use of blood.

@Tenpoint

NACO AIDS APP
GET IT ON Google Play

Kerala State AIDS Control Society

NACO
National AIDS Control Organisation
India's Voice against AIDS
Ministry of Health & Family Welfare, Government of India
www.naco.gov.in

AIDS Helpline 1097
जानें समझें, जुग-जुग जीयें!

KSACS

keralasacs@gmail.com 0471 2304882 Kerala State AIDS Control Society, IPP Building, Redcross Road, Trivandrum-695035



ഗൊദാർദ്



ബ്രെത്‌ലെസ്

# സിനിമാദൈവം



ജിതിൻ കെ സി

മിലോസ് ഫോർമാൻ സംവിധാനം ചെയ്ത് 1984 ൽ പുറത്തിറങ്ങിയ ചിത്രമാണ് 'അമദിയൂസ്'. മഹാനായ സംഗീതജ്ഞൻ മൊസാർട്ടിന്റെ ജീവിതത്തെ അടയാളപ്പെടുത്തിയ ചലച്ചിത്രമായിരുന്നു അമദിയൂസ്.  ആ ചിത്രത്തിലെ ഒരു രംഗം, മൊസാർട്ടിന്റെ നിത്യ എതിരാളിയായിരുന്ന അന്റോണിയോ സലിയേറിയക്ക് അന്ത്യകൂദാശ നൽകാൻ ഒരു പള്ളീലച്ചൻ വരുന്നതാണ്. സംഗീതജ്ഞനായ സലേറിയയെ വൈദികൻ തിരിച്ചറിയുന്നില്ല. സലേറിയ താൻ ചിട്ടപ്പെടുത്തിയ നിരവധി ഓപ്പറകൾ വായിക്കുന്നു. അതൊന്നും ആ പാതിരിയെ സ്പർശിക്കുന്നില്ല. പെട്ടെന്ന് സലേറിയ മറ്റൊരു ജിംഗിൾ വായിക്കുന്നു. വൈദികൻ അതിൽ തല്പരനാകുകയും ആ ജിംഗിൾ മൂളുകയും ചെയ്യുന്നു. വൈദികൻ അന്റോണിയയോട് ഇത് ചെയ്തത് നിങ്ങളാണോ എന്ന് അതിശയപൂർവം ചോദിക്കുന്നു. അന്റോണിയോ തെല്ലൊരു കുറ്റബോധത്തോടെ നെടുവീർപ്പാൽ പറയുന്നു, 'അതാണ് മൊസാർട്ട്'.  സിംഫണി 40 എന്ന പേരിൽ ലോകപ്രസിദ്ധമായ സംഗീതമായിരുന്നു അത്. വരണ്ട ആത്മീയ ജീവിതം നയിക്കുന്ന വൈദികനു പോലും മൊസാർട്ടിന്റെ സംഗീതത്തിലൂടെ കടന്നു പോകാതിരിക്കാനാകില്ല.

സിനിമയിൽ ഗൊദാർദ് അങ്ങനെയാണ്. സിനിമയെക്കുറിച്ചാലോചിക്കുന്ന ഏതൊരാൾക്കും ഈ പേരിലൂടെ കടന്നുപോകാതിരിക്കാനാകില്ല. ലോകസിനിമയെ അത്രത്തോളം പിടിച്ചുലച്ച ചലച്ചിത്രകാരനാണ് ജീൻ ലുക് ഗൊദാർദ്. ഒരിക്കൽ പോലും ഗൊദാർദിന്റെ ഒരു ചലച്ചിത്രം പോലും കണ്ടിട്ടില്ലാത്തൊരാൾക്കുപോലും ഈ പേര് അത്രമേൽ പരിചിതമായിരിക്കും. ഗൊദാർദിന്റെ ചലച്ചിത്ര ജീവിതം അത്രമേൽ സംഭവബഹുലമായിരുന്നു. ചലച്ചിത്രമെന്ന മാധ്യമത്തിന്റെ ഉള്ളുതൊട്ട ചലച്ചിത്രകാരനായിരുന്നു ഗൊദാർദ്. ഈ മാധ്യമം കൊണ്ട് സാധ്യമാകുന്ന എല്ലാ സാമൂഹ്യ അന്വേഷണങ്ങളും അയാൾ നടത്തുന്നു.



ഫോർ എവർ മൊസാർട്ട്

1968 ൽ ഫ്രാൻസിൽ വിദ്യാർഥി സമരം നടക്കുമ്പോൾ ഒരു ഹാൻഡ് ഹെൽഡ് ക്യാമറയുമായി ഗൊദാർദ് അവർക്കിടയിലുണ്ടായിരുന്നു. രാഷ്ട്രീയ സിനിമകളല്ല സിനിമ തന്നെ രാഷ്ട്രീയമാകേണ്ടതുണ്ടെന്ന് വിശ്വസിച്ചിരുന്ന ആളായിരുന്നു ഗൊദാർദ്. സിനിമ മുതലാളിത്തത്തിന്റെ ശുദ്ധരൂപമാണെന്നും അതിനാൽത്തന്നെ സിനിമയെടുക്കുമ്പോൾ അമേരിക്കയോട് പുറംതിരിഞ്ഞു നിൽക്കണമെന്നും ഗൊദാർദ് കരുതിപ്പോന്നു. ആ സമരത്തിൽ പങ്കെടുക്കവേ, അതിനകം നിരവധി രാഷ്ട്രീയ സിനിമകളെടുക്കുകയും രാഷ്ട്രീയത്തോട് കണ്ണു തുറക്കാത്ത മടുപ്പിക്കുന്ന മധ്യവർഗത്തിന്റെ വെറുപ്പു സമ്പാദിക്കുകയും ചെയ്തിരുന്ന ഗൊദാർദിനോട് ഒരു മാധ്യമ പ്രവർത്തകൻ ചോദിക്കുന്നുണ്ട്. എന്നാണ് ഗൊദാർദ് നിങ്ങൾ ഇനി പഴയപോലെ സന്തോഷിപ്പിക്കുന്ന ചലച്ചിത്രങ്ങൾ നിർമിക്കുക എന്ന്. അതിന് ഗൊദാർദ് പറയുന്ന മറുപടി, 'എന്ന് പലസ്തീനിലെ ജനതയുടെയോ അമേരിക്കയിലെ കറുത്ത വർഗക്കാരുടെയോ ചിരി തിരിച്ചെത്തുന്നുവോ അന്ന് ഞാൻ അത്തരം സിനിമകളിലേക്ക് തിരിച്ച് പോകാൻ ശ്രമിക്കാം 'എന്നാണ്. ഫ്രഞ്ച് വിദ്യാർഥി സമര കാലത്ത് ലോകപ്രസിദ്ധമായ കാൻസ് ചലച്ചിത്രമേള നിർത്തിവയ്പിക്കുന്നുണ്ട് ഗൊദാർദ്. വിദ്യാർഥികളുടെ ആവശ്യങ്ങളോട് ഐക്യപ്പെടുകയാണ് വേണ്ടതെന്ന് അയാൾ കരുതി. തന്റെ ചലച്ചിത്രമടക്കം പ്രദർശിപ്പിക്കേണ്ടിയിരുന്ന ചലച്ചിത്രമേള സമരൈക്യത്താൽ അയാൾ നിർത്തിവയ്പിക്കുന്നു. തന്റെ സുഹൃത്തുക്കളോട് അയാൾ അതിനു വേണ്ടി തർക്കിക്കുന്നു.

**സിനിമ മുതലാളിത്തത്തിന്റെ ശുദ്ധരൂപമാണെന്നും അതിനാൽ തന്നെ സിനിമയെടുക്കുമ്പോൾ അമേരിക്കയോട് പുറംതിരിഞ്ഞു നിൽക്കണമെന്നും ഗൊദാർദ് കരുതുന്നു**

Photography is truth, cinema is truth 24 frames per second എന്ന് അദ്ദേഹം കരുതിപ്പോന്നിരുന്നതിന്റെ തുടർച്ചയായി നമുക്കിത് കാണാം. സിനിമ സത്യം തന്നെയാണെന്ന് ഗൊദാർദ് ആലോചിച്ചു. ഓരോ എഡിറ്റും ഓരോ നുണകളാണെന്ന് അദ്ദേഹം കരുതി.

ഫ്രഞ്ച് ന്യൂവേവിന്റെ അതികായനായി തുടർന്നത് കേവലം ചലച്ചിത്രങ്ങൾ നിർമിച്ചതു കൊണ്ട് മാത്രമല്ല. നിരന്തരം അദ്ദേഹം ചലച്ചിത്ര നിരൂപണങ്ങൾ എഴുതി. ചലച്ചിത്ര പ്രദർശനങ്ങൾ നടത്തി. അങ്ങനെ അടിമുടി ചലച്ചിത്ര ജീവിതമായിരുന്നു ഗൊദാർദിന്റേത്. ഫ്രഞ്ച് ന്യൂവേവിന്റെ മറ്റൊരു മുഖമായിരുന്ന അനശ്വര ചലച്ചിത്രകാരി ആഗ്നസ് വർദ്ദ തന്റെ ജീവിതത്തിൽ പ്രകടിപ്പിച്ച ആഗ്രഹം ഗൊദാർദിനെ കാണണമെന്നതായിരുന്നു. അവർ ഗൊദാർദിന്റെ വീടുവരെയെത്തുന്നു. ഗൊദാർദിനെ കാണാൻ കഴിയാതെ ഗൊദാർദ് ഒരു കത്തിൽ നൽകുന്ന സന്ദേശം മാത്രം വായിച്ച് അവർ വിതുമ്പുന്നു. സിനിമ പോലെത്തന്നൊരു ജീവിതവും ഗൊദാർദിനുണ്ടായിരുന്നെന്നു വേണം കരുതാൻ.

ഒരു തോക്കും ഒരു പൂച്ചയുമുണ്ടെങ്കിൽ ഒരു ചലച്ചിത്രമെടുക്കാമെന്ന് ഗൊദാർദ് പറയുന്നു. അനാരോഗ്യമായ അമേരിക്കൻ സിനിമ അതിനാൽത്തന്നെ സമൂഹത്തിനെ പ്രതിഫലിപ്പിക്കുന്നു എന്ന് ഗൊദാർദ് കരുതുന്നു. അമേരിക്കൻ മധ്യവർത്തി സിനിമയോട് എക്കാലവും പുറംതിരിഞ്ഞു നിന്ന് അദ്ദേഹം ലോകസിനിമകൾ നിർമിച്ചു. സിനിമയുടെ തന്നെ ശ്വാസമായി. സിനിമയെ ജനങ്ങളുടെ ഭാഗമാക്കി. തൊണ്ണൂറാം വയസ്സിലും ത്രീ ഡി സിനിമയായ ഇമേജ് ബുക്ക് സംവിധാനം ചെയ്തു. സിനിമയിൽ ആഴത്തിൽ ആണ്ടിറങ്ങിപ്പോയ ജീവിതം. അതിനാൽത്തന്നെ ഗൊദാർദിനെക്കുറിച്ചുള്ള ഈ വാചകം സമ്പൂർണമാണ്: In cinema there is no god only Godard. സിനിമയിൽ ദൈവങ്ങളില്ല, ഗൊദാർദ് മാത്രമേയുള്ളൂ. സിനിമയുടെ നിത്യദൈവം.!



### കോവിഡ്കാല ഐഎഫ്എഫ്കെയിലൂടെ മലയാളി ലോക സിനിമാ ഭൂപടത്തിൽ അഭിമാനത്തിന്റെ പുതിയ ചരിത്രമെഴുതുന്നു

# കോവിഡിനൊപ്പം സിനിമ കാണാം



■ എ ചന്ദ്രശേഖർ

കോവിഡ് മഹാമാരി ലോകമെമ്പാടുമുള്ള മനുഷ്യരെ വീട്ടിലടച്ചത് സാമൂഹ്യ അകലം കൊണ്ടു മാത്രമായിരുന്നില്ല, സാംസ്കാരിക അകലംകൂടി സൃഷ്ടിച്ചുകൊണ്ടായിരുന്നു. തിയറ്ററുകൾ അടഞ്ഞതോടെ സിനിമയുടെ നിർമാണവിതരണത്തിൽ മാത്രമല്ല, സിനിമാപ്രേമികളുടെ ആസ്വാദനത്തിലും ഉണ്ടാക്കിയ വിള്ളൾ ചെറുതല്ല. ലോകമെമ്പാടുമുള്ള ചലച്ചിത്രമേളകളുടെ കാര്യത്തിലും മഹാമാരി ബാക്കിയാക്കിയത് നിരാശയുടെ ഒരു വർഷമാണ്. വിശ്വവിഖ്യാതമായ കാൻ, വെനീസ്, സൺഡെൻസ്, ബോസ്നിയ, ഹോങ്കോങ്, ടൊറന്റോ മേളകളെല്ലാം മാരിക്കാലത്ത് വിദേശപ്രതിനിധികളെ കുറച്ചും ചിത്രങ്ങളുടെ എണ്ണം ചുരുക്കിയും പാതി ഓൺലൈനിലും കോവിഡ് മാനദണ്ഡങ്ങൾ പാലിച്ചും ഡ്രൈവ് ഇൻ തിയറ്ററുകൾ പോലുള്ള സംവിധാനങ്ങളിലുമൊക്കെയായി പൂർവനിശ്ചിത തീയതികളിൽനിന്നു മാറി വൈകിയെങ്കിലും മുടങ്ങാത്തവിധം നടത്തിത്തീർക്കുകയായിരുന്നു. ആഘോഷങ്ങൾക്കുപരി ചടങ്ങുകളിൽ ഒതുക്കിയെങ്കിലും സിനിമകളുടെ സാംസ്കാരികവിനിമയം മുടക്കാതിരിക്കുക എന്നതിനാണ് സംഘാടകർ മുൻഗണന നൽകിയത്.

ഇതിനിടെയിലാണ് നവംബറിൽ നടക്കേണ്ട ഇന്ത്യയുടെ രാജ്യാന്തര ചലച്ചിത്രമേള വൈകിയെങ്കിലും ജനുവരി 16 മുതൽ 24 വരെ ഗോവയിൽ വിജയകരമായി അരങ്ങേറിയത്. കർക്കശമായ കോവിഡ് മാനദണ്ഡങ്ങൾ പാലിച്ചും സുരക്ഷാ ക്രമീകരണങ്ങളൊരുക്കിയും ഓരോ പ്രദർശനശേഷവും തിയറ്ററുകൾ സാനിറ്റൈസ് ചെയ്തും 50 ശതമാനം കാണികളെ മാത്രം അനുവദിച്ചും, മൊത്തം ചിത്രങ്ങളുടെയും പ്രതിനിധികളുടെയും എണ്ണം കുറച്ചും, നേർസ്പർശനം പൂർണമായി ഒഴിവാക്കി ഫെസ്റ്റിവൽ ബുക്കും കാറ്റലോഗും സഹിതം ഡിജിറ്റലാക്കിയും ബുക്കിങ് നിർബന്ധമാക്കിയുമൊക്കെയാണ് ആരോഗ്യകാര്യത്തിൽ വീഴ്ച കൂടാതെ ഇന്ത്യയുടെ അഭിമാനമേളയ്ക്ക് തിരശ്ശീല വീണത്. അതിനുമുമ്പേ തന്നെ രജത ജൂബിലി വർഷത്തെ കേരളത്തിന്റെ രാജ്യാന്തരമേള വൈകിയെങ്കിലും ഫെബ്രുവരിയിൽ സംഘടിപ്പിക്കാൻ സംസ്ഥാന ചലച്ചിത്രമേള മുന്നൊരുക്കം ആരംഭിച്ചിരുന്നുവെന്നതാണ് വസ്തുത.

മഹാമാരിയെ വിജയകരമായി നേരിട്ട് ലക്ഷങ്ങളെ പങ്കെടുപ്പിച്ച് എസ്എസ്എൽസി പരീക്ഷ പരാതികൂടാതെ നടത്തിയ സംസ്ഥാന സർക്കാരിന്റെ അനുഭവപരിചയം മേളയ്ക്ക് തുണയായി. കോവിഡ് പോലെ സാമൂഹ്യ അകലം അത്യാവശ്യമാകുന്ന സാഹചര്യത്തിൽ ഇത്തരത്തിലൊരു മേള എങ്ങനെ എന്നതിനൊപ്പംതന്നെ 25 വർഷമെന്ന വഴിത്തിരിവ് അടയാളപ്പെടുത്തപ്പെടാതെ പോകുന്നതെങ്ങനെ എന്നതും കേരളത്തിലെ ചലച്ചിത്രപ്രേമികളെ ആശങ്കപ്പെടുത്തിയ കാര്യമാണ്. അതിന്റെ അനന്തരഫലമായാണ് മേളയുടെ 25–ാമത് പതിപ്പ് തുടർച്ചയായി നാലിടത്തിലാക്കാനുള്ള തന്ത്രപരമായ നീക്കം ചലച്ചിത്ര അക്കാദമിയിൽനിന്നും സാസ്കാരിക വകുപ്പിൽ നിന്നുമുണ്ടാകുന്നത്. ഇത് പങ്കാളിത്തത്തിൽ വികേന്ദ്രീകരണം ഉണ്ടാക്കുന്നതിനോടൊപ്പം ആസ്വാദനത്തിൽ ജനാധിപത്യവും ഉറപ്പാക്കുമെന്നാണ് പ്രത്യാശ. സ്ഥിരംവേദി അട്ടിമറിക്കപ്പെടുന്നു തുടങ്ങിയ വിമർശനങ്ങൾക്കിടയിലും മഹാമാരി പോലുള്ള സാമൂഹ്യ വിപത്തുകളെ മനുഷ്യകുലത്തിന് ശാരീരികമായി മാത്രമല്ല, ബൗദ്ധികമായും അതിജീവിക്കേണ്ടതുണ്ടെന്ന സാംസ്കാരിക യാഥാർഥ്യത്തെ ഉയർത്തിപ്പിടിച്ചുകൊണ്ടാണ് ഇത്തരമൊരു തീരുമാനം. അതുകൊണ്ടുതന്നെ ഗൗരവമുള്ള സിനിമാ പ്രേമികളെ, ചലച്ചിത്രമേളകളുടെ പ്രണേതാക്കളെ സംബന്ധിച്ച് അത് ആശ്വാസകരം മാത്രമല്ല, ദീർഘകാലത്തെ സാംസ്കാരിക സ്വയം തടവിൽനിന്നുള്ള വിമുക്തികൂടിയാകുന്നു. സിനിമ വലിയ സ്ക്രീനിൽ ആൾക്കൂട്ടത്തിലിരുന്ന് ആസ്വദിക്കാനുള്ളതാണെന്ന തിരിച്ചറിവിൽ കാഴ്ചയുടെ സാമൂഹ്യ യാഥാർഥ്യത്തിലേക്കുള്ള പ്രതീക്ഷാനിർഭരമായ തിരിച്ചുപോക്കുകൂടിയായി അതുമാറുന്നു. ഐഎഫ്എഫ്കെ 2020 അങ്ങനെ മലയാളിക്ക് ലോക സിനിമാ ഭൂപടത്തിൽ അഭിമാനത്തിന്റെ പുതിയ ചരിത്രമെഴുത്തിനുള്ള അവസരമായി മാറുകയാണ്. ലോകസിനിമ കോവിഡാനന്തരം സാധാരണത്വത്തിലേക്ക് മടങ്ങിത്തുടങ്ങിയ സാഹചര്യത്തിൽ ഈ വർഷത്തെ ശരിക്കുള്ള ചലച്ചിത്രമേള (ഐഎഫ്എഫ്കെയുടെ 26–ാമത് പതിപ്പ്) 2020 ഡിസംബറിൽ തന്നെ രാജ്യാന്തര മേളക്കലണ്ടർ അനുസരിച്ച് അരങ്ങേറുമെന്നും പ്രതീക്ഷിക്കാം.







| Term | Subscription |
|---|---|
| 1 Year (12 issues) | Rs. 500 |
| 2 years (24 Issues) | Rs. 1000 |

*For Subscription Please Contact:* Marketing Section, Kerala State Chalachitra Academy, Kinfra Film & Video Park, Sainik School PO, Kazhakuttom, Thiruvananthapuram - 695 585
**Phone: +91 9745022010 chalachitrasameeksha@gmail.com**
*For electronic fund transfer/wire transfer:* State Bank India, Kazhakoottam Branch
Account No: 3711 2984 438, IFSC: SBIN0070445

അഭിമുഖം



ബീന പോൾ

# പ്രേക്ഷകരെ തേടിവരുന്ന മേള

**ചലച്ചിത്ര അക്കാദമി വൈസ് ചെയർപേഴ്സണും മേളയുടെ ആർടിസ്റ്റിക് ഡയറക്ടറുമായ ബീന പോൾ വേണുഗോപാൽ സംസാരിക്കുന്നു**

**● ഉദ്ദേശിച്ചത്**

മേള കാൽനൂറ്റാണ്ട് പൂർത്തിയാക്കുന്ന വേള വലിയ ചലച്ചിത്രആസ്വാദകർക്ക് മറക്കാനാകാത്ത അനുഭവമാക്കി മാറ്റാനായിരുന്നു അക്കാദമി ഒരു വർഷം മുന്നേ പദ്ധതിയിട്ടത്. മേള സമഗ്രസംഭാവനാ പുരസ്കാരം നൽകി ആദരിച്ച പ്രമുഖ ചലച്ചിത്രകാരന്മാരെ വീണ്ടും എത്തിക്കുക. ഇതുവരെ മേളയിലെ സുവർണചകോരം നേടിയ സിനിമകളുടെ പ്രത്യേക പാക്കേജ്. അങ്ങനെ നിരവധി കാര്യങ്ങൾ. ഒന്നും നടന്നില്ല. കോവിഡ് എല്ലാം കവർന്നു.

**● സംഭവിക്കുന്നത്**

ഓൺലൈൻ മേള അത്ര എളുപ്പമല്ല. മേളയുടെ അവകാശികൾ പ്രേക്ഷകരാണ്. എന്തുകൊണ്ട് സിനിമയുമായി പ്രേക്ഷകരിലേക്ക് എത്തിക്കൂടാ എന്ന ആശയം വന്നു. പ്രാദേശിക മേള നടത്തിയ പരിചയം അക്കാദമിക്ക് മുതൽകൂട്ടായി. പക്ഷെ നാലിരട്ടിയാണ് ജോലിഭാരം. സാധാരണ ഒറ്റയടിക്ക് സംഘാടന ജോലി തീരും. ഇത്തവണ ഒന്നിന് പുറകേ മറ്റൊന്നായി മേള നീളുന്നു. സാധാരണ 210 സിനിമകൾ എത്താറുണ്ടെങ്കിൽ ഇത്തവണ 80 ചിത്രം മാത്രം. ലോകസിനിമാ വിഭാഗത്തിൽ ഏറ്റവും മികച്ചവമാത്രം ഉൾപ്പെടുത്താൻ നിശ്ചയിച്ചു. അവയുടെ തെരഞ്ഞെടുപ്പ് ദുഷ്കരമായി.

**● പ്രതീക്ഷിക്കുന്നത്**

സിനിമ അതിന്റെ എല്ലാ ആലങ്കാരിക ദീപ്തിക്കും മുകളിൽ ആത്യന്തികമായി മനുഷ്യരിലേക്ക് പ്രതീക്ഷ നിറയ്ക്കുന്നുണ്ട്. വീട്ടിലിരുന്ന് ലാപ്ടോപ്പിൽ സിനിമകണ്ടാലൊന്നും അതൊരു സിനിമ കാണലാകില്ല. മേളകൾനൽകുന്ന പങ്കുവയ്പുകൾ പ്രധാനം. അതുകൊണ്ടാണ് ഇത്തവണ മേള സംഘടിപ്പിച്ചേ മതിയാകു എന്ന് അക്കാദമി തീരുമാനിച്ചത്. സർക്കാർ എല്ലാ പിന്തുണയുമായി ഒപ്പം നിന്നു.

International Film Festival of Kerala

# മേളച്ചുരുക്കം

IFFK

**1** 1994 ഡിസംബർ17 മുതൽ 23 വരെ കോഴിക്കോട്
ഉദ്ഘാടനചിത്രം മാർത്താണ്ഡവർമ(1931) സാക്രിഫൈസ് (തർക്കോവിസ്കി), ദ ലാസ്റ്റ് എംപറർ (ബർട്ടിലൂച്ചി), നസറീൻ (ലൂയി ബുനുവൽ), സെവൻത് സീൽ (ബർഗ്മാൻ), ബാറ്റിൽഷിപ് പൊട്ടംകിൻ (ഐസൻസ്റ്റീൻ), പഥേർ പാഞ്ചാലി (സത്യജിത് റേ), സുവർണരേഖ(ഋത്വിക് ഘട്ടക്) തുടങ്ങിയവ പ്രദർശിപ്പിച്ചു.

**2** 1995 നവംബർ ഒന്നുമുതൽ ഏഴുവരെ തിരുവനന്തപുരം
ഉദ്ഘാടനചിത്രം കർഫ്യൂ (പലസ്തീൻ, സംവിധാനംറാഷിദ് മഷ്റാവി) ഓപ്പൺ ഫോറം തുടങ്ങി.

**3** 1998 ഏപ്രിൽ അഞ്ചുമുതൽ 12 വരെ തിരുവനന്തപുരം
(1996ലും 97ലും മുടങ്ങിയ മേള പുനരുജ്ജീവിപ്പിച്ചത് അന്നത്തെ ഫിലിം ഡെവലപ്മെന്റ് കോർപറേഷൻ ചെയർമാൻ പി ഗോവിന്ദപ്പിള്ളയുടെ മുൻകൈയിൽ. ചലച്ചിത്രഅക്കാദമി രൂപപ്പെട്ടതും 1998ൽ).
ഐഎഫ്എഫ്കെയുടെ ലോഗോ ആയി അരവിന്ദൻ വരച്ച നിഴൽപാവ പൂർണമായി ഉപയോഗിച്ചുതുടങ്ങി.
ഉദ്ഘാടനചിത്രം സീസൺഫൈവ്(ഇറാൻ).
ഗബ്രിയേൽ ഗാർസ്യ മാർകേസിന്റെ രചനകളെ ആസ്പദമാക്കിയുള്ള പ്രണയചിത്രങ്ങളുടെ പ്രത്യേകപാക്കേജ് .

**4** 1999 ഏപ്രിൽ ഒന്നുമുതൽ പത്തുവരെ കൊച്ചി
ആദ്യമായ് മത്സരവിഭാഗം ഉൾപ്പെടുത്തി. ചലച്ചിത്രമേള നടത്തിപ്പ് സംഘടനകളോടെ ആഗോള സംഘടനയായ ഫിയാപ്ഫ് അംഗീകാരം ലഭിച്ച ആദ്യമേള.
ഉദ്ഘാടനചിത്രം ഡ്രീംസ് (ജപ്പാൻ, അകിര കുറസോവ)
ഐഎഫ്എഫ്കെയുടെ ആദ്യത്തെ സുവർണചകോരം നേടിയത് തായ്വാൻ ചിത്രം ഫ്ളവേഴ്സ് ഓഫ് ഷാങ്ഹായ്. സമ്മാനത്തുക പത്ത് ലക്ഷം രൂപ, 15–ാംമേളയോടെ സമ്മാനത്തുക 15 ലക്ഷമാക്കി. മണികൗൾ മികച്ച സംവിധായകനുള്ള രജതചകോരം നേടി. ചിത്രം നൗക്കർ കി കമീസ്. ജൂറി അധ്യക്ഷൻ അടൂർ ഗോപാലകൃഷ്ണൻ.

**5** 2000 മാർച്ച് 31 മുതൽ ഏപ്രിൽ ഏഴുവരെ വേദി വീണ്ടും കോഴിക്കോട്
ഉദ്ഘാടനചിത്രം ഓൾ എബൗട്ട് മൈ മദർ (സ്പെയിൻ, പെഡ്രോ അൽമദവർ) ഇറ്റാലിയൻ ചലച്ചിത്രകാരൻ മാർക്കോ മുള്ളർ ജൂറിതലവനായെത്തി. കൊറിയൻ ചിത്രമായ മയോണൈസ് സുവർണചകോരം നേടി. ജയരാജിന്റെ കരുണം പ്രത്യേക പരാമർശം നേടി.

**6** 2001 മാർച്ച് 30 മുതൽ ഏപ്രിൽ ആറുവരെ വീണ്ടും തിരുവനന്തപുരത്ത്
ഉദ്ഘാടനചിത്രം ഒറിയുണ്ടി ഇറാനിയൻ ചലച്ചിത്രപ്രതിഭ മക്മൽ ബഫ് മേളയുടെ താരമായി. മേളയുടെ ചരിത്രത്തിൽ ആദ്യമായി കേരളത്തിൽ ഒരു ലോകസിനിമയുടെ ആദ്യപ്രദർശനം അരങ്ങേറി. അർജന്റീനിയൻ ചിത്രം ജേണി ത്രൂ ദി ബോഡി. മൊറോക്കൻ ചിത്രം അലിസോവ സുവർണചകോരം നേടി. കെ പി കുമാരന്റെ തോറ്റം ജൂറിയുടെ പ്രത്യേകപുരസ്കാരം നേടി.

**7** 2002 മാർച്ച് 29 മുതൽ ഏപ്രിൽ 5 വരെ
ക്രമേണ തിരുവനന്തപുരം സ്ഥിരംവേദിയായി
ഉദ്ഘാടനചിത്രം ബറാൻ (ഇറാൻ, മജീദ് മജീദി)
സുവർണചകോരം നേടിയത് ചൈനീസ് ചിത്രം അന്യാഗ് ഓർഫൻ. മേളയിൽ ആദ്യമായ് ഏർപ്പെടുത്തിയ പ്രേക്ഷകപുരസ്കാരം ടിവി ചന്ദ്രന്റെ ഡാനി നേടി. റോൾഫ് ഷൂബെൽ സംവിധാനം ചെയ്ത ഗ്ലൂമി സൺഡേ മേളയുടെ വികാരമായി. പ്രതിനിധികളുടെ ആവശ്യപ്രകാരം സിനിമ നിരവധി തവണ ആവർത്തിച്ച് പ്രദർശിപ്പിച്ചു.

**8** ഉദ്ഘാടന ചിത്രം മീരനായർ ചിത്രം9/11, ടർക്കിഷ് ചിത്രം എൻകൗണ്ടർ
സുവർണചകോരം അബൗന
മലയാള സിനിമയുടെ പ്ലാറ്റിനം ജൂബിലിയുടെ ഭാഗമായി 28 ചിത്രങ്ങളുടെ പ്രത്യേകപാക്കേജ്.

**9** ഉദ്ഘാടനചിത്രം 2046 (വോങ് കാർവെ)
സുവർണചകോരം ഡെയ്സ് ഓഫ് സാന്തിയാഗോ (പെറു)

**10** ദീപമേത്തയുടെ വാട്ടർ ഉദ്ഘാടനചിത്രം. സ്റ്റോളൻ ലൈഫ് സുവർണചകോരം നേടി. കിം കി ഡുക്ക് ചിത്രങ്ങളുടെ പ്രത്യേക പാക്കേജ് ശ്രദ്ധനേടി.

**11** സൗണ്ട് ഓഫ് സാൻഡ് ഉദ്ഘാടന ചിത്രം. ഫോർ എവർ ഫ്ളോസ്(ബംഗ്ലാദേശ്) ഉദ്ഘാടനചിത്രം.

**12** ബുദ്ധ കൊളാപ്സ്ഡ് ഔട്ട് ഓഫ് ഷെയിം ഉദ്ഘാടന ചിത്രം. അർജന്റീനിയൻ ചിത്രം എക്സ്എക്സ് വൈ സുവർണചകോരംനേടി. അൽമദവറിന്റെ പ്രത്യേക പാക്കേജ്.

**13** ലൈലാസ് ബർത്ത്ഡേ ഉദ്ഘാടന ചിത്രം. പാർക് വിയ സുവർണചകോരം നേടി.

**14** എ സ്റ്റെപ് ഇൻടു ദ ഡാർക്ക്നെസ് ഉദ്ഘാടനചിത്രം. ഇറാൻ ചിത്രം എബൗട്ട് എല്ലിയും ഇന്തോനേഷ്യൻചിത്രം ഫിഷിങ് പ്ളാറ്റ്ഫോമും സുവർണചകോരം പങ്കിട്ടു. ലാർസ് വോൻ ട്രയറുടെ ആന്റിക്രൈസ്റ്റ് മേളയിലെ തീഷ്ണാനുഭവമായി.

**15** ജർമൻചലച്ചിത്രപ്രതിഭ വെർണർ ഹെർസോഗ് നേരിട്ടെത്തി മേളയുടെ ആജീവനാന്തപുരസ്കാരം ഏറ്റുവാങ്ങി. പ്ലീസ് ഡോണ്ട് ഡിസ്റ്റർബ് (ഇറാൻ) ഉദ്ഘാടന ചിത്രം. പോർട്രേറ്റ്സ് ഇൻ എ സീ ഓഫ് ലൈസ് സുവർണചകോരം നേടി.
സ്ത്രീപങ്കാളിത്തംകൊണ്ട് ശ്രദ്ധേയമായ മേള.

**16** അണ്ടർ ദ ഹാത്രോൺ ട്രീ ഉദ്ഘാടനചിത്രം. കളേഴ്സ് ഓഫ് മൗണ്ടൻ സുവർണചകോരം നേടി.


**17** വിഖ്യാത ചലച്ചിത്രകാരൻ പോൾ കോക്സ് മുഖ്യാതിഥിയായി എത്തി. ഉദ്ഘാടനചിത്രമായി ഹിച്ച് കോക്കിന്റെ റിങ് തത്സമയ ഓർകെസ്ട്രേഷനിലൂടെ അവതരിപ്പിച്ചു. സ്റ്റാനിനി സുവർണചകോരം നേടി.

**18** കിം കി ഡുക് നേരിട്ടെത്തി മേളയെ കീഴ്പ്പെടുത്തി. സമഗ്രസംഭാവനാ പുരസ്കാരം സ്പാനിഷ് സംവിധായകൻ കാർലോസ് സോറ ഏറ്റുവാങ്ങി. അമോസ് ഗിതായിയുടെ അനാ അറേബ്യ ഉദ്ഘാടന ചിത്രം. ഇറാൻ ചിത്രം പർവ്വീസ് സുവർണചകോരം നേടി.

**19** ഡാൻസിങ് അറബ്സ് ഉദ്ഘാടനചിത്രം. റെഫ്യൂജിയാഡോക്ക് സുവർണചകോരം.

**20** വോൾഫ് ടോട്ടെം ഉദ്ഘാടന ചിത്രം. ആദ്യമായി മലയാള ചിത്രം സുവർണചകോരം നേടി. ജയരാജിന്റെ ഒറ്റാൽ.

**21** സുവർണചകോരം: ക്ലാഷ് **22** വാജിബ് **23** ദ ഡാർക്ക് റൂം **24** ദെ സേ നത്തിങ് സ്റ്റേയ്സ് ദ സെയിം



25 International Film Festival of Kerala
FEB. 10 > MARCH 05, 2021
THIRUVANANTHAPURAM
KOCHI
THALASSERY
PALAKKAD

# ഹാഫ് അല്ല മാസ്



**പ്രതിസന്ധികളെ അതിജീവിച്ച് കേരളത്തിലെ മ്പാടും ചെറുസിനിമാ മേളകൾ കോവിഡ്കാലത്തും സജീവമാണ്. ഐഎഫ്എഫ്കെയുടെ സാർത്ഥകമായ പരിണിതി. പാലക്കാട്ടെ ഹൈക്കു ലിറ്റിൽ ഫിലിം സൊസൈറ്റിക്ക് പിന്നിലെ വലിയ മനുഷ്യരെ കുറിച്ച്**



'ഹാഫ്' മേള സംഘാടകർ പതിവു കൂടിക്കാഴ്ചയ്ക്കിടെ

■ സുനീഷ് ജോ

അഞ്ചുപേർ ഒറ്റ തീരുമാനമെടുത്തു. അത് ചരിത്രമായി. ഹൈക്കു അമച്വർ ലിറ്റിൽ ഫിലിം (ഹാഫ്) ഫെസ്റ്റിവലിന്റെ പിന്നാമ്പുറത്ത് അക്കഥയുണ്ട്. മേതിൽ കോമളൻകുട്ടി (ജനറൽ സെക്രട്ടറി), കെ ആർ ചെത്തല്ലൂർ( പ്രസിഡന്റ്), സി കെ രാമകൃഷ്ണൻ (വൈസ് പ്രസിഡന്റ്), കെ വി വിൻസന്റ്(ഫെസ്റ്റിവൽ ഡയറക്ടർ), മാണിക്കോത്ത് മാധവദേവ് (ട്രഷറർ) എന്നിവരാണ് ആ അഞ്ചുപേർ.

ഹ്രസ്വ ചിത്രങ്ങൾ എടുക്കുകയും അത് പ്രധാന ഫെസ്റ്റിവലുകൾക്ക് അയക്കുകയും ചെയ്യുമായിരുന്നു സംഘം. അരമണിക്കൂറോ അതിലധികമോ ദൈർഘ്യമുള്ള ചിത്രങ്ങൾക്കിടയിൽ അഞ്ചുമിനിറ്റുള്ള ചിത്രത്തിന് പരിഗണന കിട്ടാത്തത് തുടരൻ അനുഭവമായപ്പോഴാണ് ചിന്തമാറിയതെന്ന് സംഘത്തിന്റെ മുതിർന്ന അംഗം രാമകൃഷ്ണൻ പറഞ്ഞു. ഒരുഫെസ്റ്റിവലിന് പോയപ്പോൾ ചിത്രം അവഗണിക്കപ്പെട്ടതിൽ വേദനതോന്നിയ മറ്റൊരാളെ കൂടി കണ്ടുമുട്ടി. അങ്ങനെ എങ്കിൽ എന്തുകൊണ്ട് അതി ഹ്രസ്വ ചിത്രങ്ങൾക്ക് മാത്രമായി ഒരുമേള സംഘടിപ്പിച്ചു കൂടാ എന്ന് ആലോചിച്ചു. കൂട്ടായ ആലോചനയിൽ ഫെസ്റ്റിവൽ നടത്താൻ തീരുമാനിച്ചു. അങ്ങനെ ഹാഫിന്റെ ആദ്യ ഫെസ്റ്റിവൽ 2011 ൽ. 36 ചിത്രങ്ങളാണ് മേളയിലേക്ക് അയച്ചുകിട്ടിയത്. പിന്നീടുള്ള വർഷങ്ങളിൽ എണ്ണംകൂടി വന്നു. കഴിഞ്ഞ സെപ്തംബറിൽ ഹാഫിന്റെ പത്താംമേള നടന്നു. അതും ഓൺലൈനായി. പത്തുദിവസം നീണ്ടുനിന്നു!

ചലച്ചിത്രകാരനായിരുന്ന കെ ആർ മോഹനന്റെ സ്മരണയ്ക്കായി ഡോക്യുമെന്ററി മേളയും സംഘടിപ്പിച്ചു വരുന്നു. 20 മിനിറ്റു വരെ ദൈർഘ്യമുള്ള ഡോക്യുമെന്ററി ചിത്രങ്ങളാണ് ഇതിൽ പ്രദർശിപ്പിക്കുന്നത്. ഫെബ്രുവരി 20ന് കെ ആർ മോഹനൻ മെമ്മോറിയൽ അന്താരാഷ്ട്ര ഡോക്യുമെന്ററി ഫെസ്റ്റിവൽ നടത്താനുള്ള ഒരുക്കത്തിലാണ് അഞ്ചുപേരും. അവർ വന്ന വഴിയേ നമുക്കൊന്ന് പോയി നോക്കാം.

## ഒരേ മനസ്സ്

സിനിമയിലും ഫോട്ടോഗ്രഫിയിലുമുള്ള താൽപ്പര്യമാണ് അഞ്ചുപേരെയും അടുപ്പിച്ചത്. സി കെ രാമകൃഷ്ണൻ സിനിമാറ്റോഗ്രാഫറാണ്. കെ ആർ ചെത്തല്ലൂരും കോമളൻകുട്ടിയും തിരക്കഥ എഴുതും. വിൻസന്റ് ഫോട്ടോഗ്രഫറും ഡയറക്ടറുമാണ്. മാണിക്കോത്ത് സംഘാടകനും ഡയറക്ടറുമാണ്. ചെത്തല്ലൂരും വിൻസെന്റും തഹസിൽദാർമാരായി വിരമിച്ചു. രാമകൃഷ്ണൻ പ്രായംകൊണ്ട് 77 കാരനാണെങ്കിലും മനസ്സുകൊണ്ടും പ്രവർത്തനംകൊണ്ടും ഇരുപതുകാരന്റെ ഉഷാറിലാണ്. പാലക്കാട്ടെ സ്വകാര്യകമ്പനിയുടെ എച്ച്ആർ മാനേജരായിരുന്നെങ്കിലും കുറച്ചുനാൾ മുമ്പ് രാജിവച്ചു. മാണിക്കോത്ത് വാട്ടർ അതോറിറ്റിയിൽനിന്നാണ് വിരമിച്ചത്. കോമളൻകുട്ടി അബുദാബിയിലാണ് ജോലിചെയ്യുന്നത്. ഫെസ്റ്റിവലിന്റെ ആവശ്യങ്ങൾക്കായി നാട്ടിൽവരും. 57 കാരനായതിനാൽ അദ്ദേഹം ഇപ്പോൾ ഓൾറൗണ്ടറാണ്. മറ്റ് നാലുപേരും 45 വർഷമായി സുഹൃത്തുക്കളാണ്. ഇതിലേക്ക് 35 വർഷം മുമ്പാണ് രാമകൃഷ്ണനെത്തുന്നത്. എല്ലാവരും പാലക്കാട് ജില്ലയിലെ വിവിധ ഭാഗങ്ങളിൽനിന്നുള്ളവരാണ്. കൃത്യം പറഞ്ഞാൽ രണ്ട് ആലത്തൂരുകാരും ഒറ്റപ്പാലം, മലമ്പുഴ, പാലക്കാട് ടൗണും ചേർന്നാൽ 'ഇൻസൈറ്റായി'. ഫെസ്റ്റിവലിന്റെ സ്ഥിരംവേദി പാലക്കാടാണ്.

## ഹ്രസ്വചിത്ര

പാലക്കാടൻ ഗ്രാമാന്തരങ്ങളെ പിടിച്ചുലച്ച് ചെറുചിത്രനിർമാണ ചലച്ചിത്രാസ്വാദന – സമാന്തരസിനിമാ ജനകീയസിനിമാ രംഗത്ത് പ്രവർത്തിച്ചിരുന്നു 'ഹ്രസ്വചിത്ര'ഫിലിം സൊസൈറ്റി. ഇതിന്റെ മുൻനിരപ്രവർത്തകർ 1979ൽ ബംഗളൂരുവിലെ എസ്ഒഎസ്എഫ്ഐഎംഎകെ (സൊസൈറ്റി ഓഫ് ഷോർട് ഫിലിം മേക്കേഴ്സ്) സംഘടിപ്പിച്ച ചെറുചിത്രനിർമാണക്കളരിയിൽ പങ്കെടുത്തിരുന്നു. 1980കളുടെ ആരംഭത്തിൽ 'ഫലം', 'ഉത്ഥാനം' തുടങ്ങിയ 16 എംഎം, 8 എംഎം സിനിമകളിൽ തുടങ്ങി 1984 ൽ ഡിജിറ്റൽ ഡോക്യുമെന്ററി സിനിമയായ 'ഗ്രാമവീഥികൾ' എടുത്തു. തുടർന്ന് ആല, ഇന്റർവ്യൂ, കരിവേഷം എന്നീ സിനിമകൾകൂടി. ജനകീയ സിനിമ എന്ന് വിശേഷിപ്പിക്കപ്പെട്ട 'ഗ്രാമവീഥികൾ' ഒരു ഗ്രാമത്തിലെ ഒട്ടു മിക്ക ജനങ്ങളെയും പങ്കെടുപ്പിക്കുകയും അവരിൽ നിന്ന് ചെറിയ സംഭാവനകൾ വാങ്ങുകയും എടുത്ത സിനിമ അവരെ കാണിച്ചുകൊടുക്കുകയും ചെയ്ത് ചരിത്രത്തിന്റെ ഭാഗമായി. ചലച്ചിത്രപഠനക്കളരികളും സെമിനാറുകളും ക്ലാസുകളും ഹ്രസ്വചിത്ര സംഘടിപ്പിച്ചിരുന്നു. മേതിൽ കോമളൻകുട്ടി , കെ ആർ ചെത്തല്ലൂർ , പുരുഷോത്തമൻ കൂട്ടാല എന്നിവർ എഴുതിയ ചലച്ചിത്ര പുസ്തകങ്ങൾ 'ഹ്രസ്വചിത്ര' പ്രസിദ്ധീകരിച്ചു. ചെത്തല്ലൂരിന്റെ ചലച്ചിത്രദർശനം, ചലച്ചിത്രദർപ്പണം, ചലച്ചിത്രാർഥം എന്നിവ ശ്രദ്ധിക്കപ്പെട്ടു. ഹ്രസ്വചിത്രയിൽ അംഗങ്ങളായിരുന്നു അഞ്ചുപേരും. അവിടുന്നാണ് പരിചയം തുടങ്ങുന്നത്.

## ഇൻസൈറ്റ് വരുന്നു

'ഹ്രസ്വചിത്ര'യുടെ പ്രവർത്തനം തളർന്നുതുടങ്ങിയപ്പോൾ 'ഇൻസൈറ്റ് ക്രിയേറ്റീവ് ഗ്രൂപ്പ്' ആരംഭിച്ചു. ശരാശരി അഞ്ചുമിനിറ്റുള്ള ചിത്രങ്ങൾ നിർമിച്ച് മേളകളിലേക്ക് അയച്ചുതുടങ്ങി. അവയ്ക്ക് മത്സരിക്കേണ്ടി വന്നത് അരമണിക്കൂറോളമുള്ള ചിത്രങ്ങളോട്. കുഞ്ഞൻ സിനിമകൾക്ക് വേണ്ട പരിഗണന കിട്ടിയതുമില്ല. സ്വന്തമായി മേള എന്ന ആശയംവന്നു. വളരെ ചെറിയ ചിത്രങ്ങൾക്കു മാത്രമായും ഓരോ ചിത്രം പ്രദർശിപ്പിച്ചു കഴിയുമ്പോഴും ഓപ്പൺ ഫോറം ചർച്ചയോടു കൂടിയും ആയിരിക്കണം മേളയെന്നും തീരുമാനിച്ചു. 2011 ൽ അന്താരാഷ്ട്ര ഹൈക്കു അമച്വർ ലിറ്റിൽ ഫിലിം ( HALF) ചലച്ചിത്ര മേള ആരംഭിച്ചത്. ആദ്യ വർഷം 36 ചിത്രങ്ങൾ മത്സരിച്ചു. പിന്നീട് ഇന്ത്യയിൽനിന്നും വിദേശത്തുനിന്നുമായി നിലവാരമുള്ള നൂറുകണക്കിന് ചിത്രങ്ങൾ മേളയ്ക്ക് എത്തിത്തുടങ്ങി.

## കുഞ്ഞല്ല പുരസ്കാരങ്ങൾ

മേളയിൽ ഒന്നാം സമ്മാനം ലഭിക്കുന്നവർക്ക് 50000 രൂപയും പ്രശസ്തിപത്രവുമടങ്ങുന്ന 'ഗോൾഡൻ സ്ക്രീൻ അവാർഡ് നൽകും. അഞ്ചു ചിത്രങ്ങൾക്ക് അയ്യായിരം രൂപയുടെ പ്രോത്സാഹനസമ്മാനങ്ങളും പങ്കെടുത്തവർക്കെല്ലാം സർട്ടിഫിക്കറ്റും. ചലച്ചിത്രപ്രവർത്തകർക്ക് സമഗ്ര സംഭാവന പരിഗണിച്ച് 25000 രൂപയുടെ 'ഇൻസൈറ്റ് പുരസ്കാരം' നൽകുന്നു. സമാന്തരസിനിമാ പ്രവർത്തകനും സംഘാടകനുമായ അഡ്വ. ജയപാലമേനോൻ, നിരവധി സിനിമകൾ മലയാളിക്ക് സമ്മാനിച്ച കെ എസ് സേതുമാധവൻ, കെ പി കുമാരൻ, ശബ്ദസന്നിവേശ വിദഗ്ധൻ ടി കൃഷ്ണനുണ്ണി, ചലച്ചിത്രസംവിധായകൻ കെ പി ശശി എന്നിവർക്കാണ് ഇതുവരെ അവാർഡ് നൽകിയത്.

## ഫണ്ടാണ് പ്രശ്നം

മേള തുടങ്ങിയ കാലം പോലല്ല കാര്യങ്ങൾ. അന്ന് അഞ്ചുപേർക്കും വരുമാനമുണ്ടായിരുന്നു. ഇന്നത് കോമളൻകുട്ടിക്ക് മാത്രമായി. മേള നടത്താൻ ശരാശരി അഞ്ചുലക്ഷം വരെ ചെലവും വരും. പ്രതിസന്ധിയുണ്ട്. മറികടക്കാൻ കഴിയുമെന്ന പ്രതീക്ഷയിലാണ് ഈ നിത്യഹരിത മനുഷ്യർ.





വാസന്തി

# ചുരുളിയും ഹാസ്യവും

കെ എ നിധിൻ നാഥ്

മേളയുടെ മത്സര വിഭാഗത്തിൽ ലിജോ ജോസ് പല്ലിശ്ശേരിയുടെ ചുരുളിയും ജയരാജിന്റെ ഹാസ്യവുമാണ് മലയാളത്തിന്റെ സാന്നിധ്യം. മൈലാടുംപറമ്പിൽ ജോയ് എന്ന ആളെ തേടി കാട്ടിൽ കയറി, അവിടെ അകപ്പെട്ടവരുടെ കഥ. ജയരാജിന്റെ നവരസ പരമ്പരയിലെ എട്ടാമത്തെ ചിത്രമാണ് ഹാസ്യം. മരണത്തെ ഉപജീവന അവസരമായി കാണുന്ന ശവപ്പെട്ടി ഏജന്റിന്റെ കഥ.

ലോക്ഡൗണിന്റെ കാലഘട്ടത്തിൽ മഹേഷ് നാരായൺ ഒരുക്കിയ സി യൂ സൂൺ കഥപറയുന്നത് വിർച്വൽ സ്ക്രീനുകളിലൂടെയാണ്. കലയ്ക്ക് ലോക്ഡൗണുകളില്ലെന്ന് ഓർമപ്പെടുത്തിയ സിനിമ. സനൽ കുമാർ ശശിധരൻ ഒരുക്കിയ കയറ്റം ഏറെ പ്രതീക്ഷ ഉയർത്തുന്നു. ഇന്റർനെറ്റിലൂടെ പരിചയപ്പെട്ട മായയും യുവാവും ചേർന്ന് ഹിമാലയത്തിലേക്ക് പോകുന്നതാണ് പ്രമേയം.

വ്യക്തികൾ തമ്മിലുള്ള ഇഴയടുപ്പം പ്രമേയമാക്കി ഒരു കാർ യാത്ര പശ്ചാത്തലമാക്കി ഡോൺ പാലത്തറ ഒരുക്കിയ സിനിമയാണ് സന്തോഷത്തിന്റെ ഒന്നാം രഹസ്യം. ഒരൊറ്റ ഷോട്ടിൽ ചിത്രീകരണം പൂർത്തിയാക്കിയ സിനിമ. കോവിഡ് കാലം കടന്ന് വരുന്ന കഥാ സന്ദർഭമാണ് സിനിമയുടേത്. ജാതിയുടെ പേരിൽ മാറ്റി നിർത്തപ്പെടുകയും അപഹസിക്കപ്പെടുകയും ചെയ്യുന്നവരുടെ ജീവിതമാണ് ജിതിൻ ഐസക് തോമസ് ഒരുക്കിയ അറ്റൻഷൻ പ്ലീസ് പറയുന്നത്.



ബിരിയാണി

സിനിമയുടെ ഭാഗമാകാൻ ആഗ്രഹിക്കുന്ന ഒരാൾ സിനിമയ്ക്കുള്ളിൽ നേരിടുന്ന വിവേചനവും വേർതിരിവും വരച്ചിടുന്നു. വിവാഹ നിശ്ചയത്തിനുള്ള മുന്നൊരുക്കങ്ങൾ അവസാനഘട്ടത്തിൽ എത്തിനിൽക്കെ പെൺകുട്ടിക്കുണ്ടാകുന്ന മനംമാറ്റമാണ് സെന്ന ഹെഗ്ഡെ ഒരുക്കിയ തിങ്കളാഴ്ച നിശ്ചയം പറയുന്നത്. കാമുകനെ കാണാനായി വയനാട്ടിൽ നിന്നു കോഴിക്കോട് എത്തുന്ന ജെസ്സി നേരിടുന്ന പ്രശ്നങ്ങളാണ് മുഹമ്മദ് മുസ്തഫ കപ്പേളയിൽ പറയുന്നത്.

വിവാഹ ആചാരങ്ങളുടെ കാഴ്ചയിലൂടെ നമുക്ക് ചുറ്റും കാണുന്ന വിശ്വാസത്തെ ആക്ഷേപഹാസ്യമായി അവതരിപ്പിക്കുകയാണ് ശംഭു പുരുഷോത്തമൻ പാപം ചെയ്യാത്തവർ കല്ലെറിയട്ടെ എന്ന ചിത്രത്തിലൂടെ.

ഖാലിദ് റഹ്മാൻ ഒരുക്കി ലവ് കഥപറച്ചിലിലും പ്രമേയത്തിലും വ്യത്യസ്തത പുലർത്തുന്നു. വിപിൻ ആറ്റ്ലിയുടെ മ്യൂസിക്കൽ ചെയർ, കാവ്യ പ്രകാശിന്റെ വാങ്ക്, തുടങ്ങിയവും മേളയിലുണ്ട്. കാലിഡോ സ്കോപ്പ് വിഭാഗത്തിൽ വാസന്തി, ബിരിയാണിയും എന്നിവയും ഉണ്ട്.



# കെ പി കുമാരൻ വീണ്ടും

കെ പി കുമാരൻ എന്തിനായിരിക്കും വ്യാഴവട്ടത്തിനുശേഷം വീണ്ടും സിനിമ എടുത്തത്. കുടുംബസമ്പാദ്യം ചെലവഴിച്ച്, പോരാതെവന്നപ്പോൾ ഭാര്യയും എഴുത്തുകാരിയുമായ ശാന്തമ്മ പിള്ളയുടെ പെൻഷൻ നിക്ഷേപം പൊട്ടിച്ചെടുത്ത്, മക്കളെക്കൊണ്ട് പിഎഫ് വായ്പ എടുപ്പിച്ച്, 82–ാം വയസ്സിൽ അവസാന സിനിമ പൂർത്തിയാക്കി, ഇക്കുറി മേളയിൽ എത്തിച്ചു.

പ്രിയകവി കുമാരനാശാന്റെ ജീവിതകഥയാണ് ‘ഗ്രാമവൃക്ഷത്തിലെ കുയിൽ’ എന്ന സിനിമ. ‘ഇപ്പോഴത്തെ രാഷ്ട്രീയകാലാവസ്ഥയാണ് ഈ വയസ്സാംകാലത്ത് എന്നെക്കൊണ്ടിത് ചെയ്യിപ്പിച്ചത്. കേരളസമൂഹം ഒരു മനുഷ്യനോട് വലിയപാതകം ചെയ്തെന്ന് എനിക്ക് വിളിച്ചുപറയണം.”– അഞ്ച് ദശകം മുമ്പ് മലയാളത്തിൽ നവതരംഗസിനിമാപ്രസ്ഥാനത്തിന് തുടക്കമിട്ട സംവിധായകരിലൊരാളായ കെ പി കുമാരൻ പറയുന്നു.

അതിഥി (1974) എന്ന ആദ്യ ചിത്രംമതി സിനിമാചരിത്രത്തിൽ ആ പേര് ആഴത്തിൽ പതിയാൻ. ഫിലിം സൊസൈറ്റി പ്രസ്ഥാനത്തിന്റെ അമരക്കാരിലൊരാൾ. അടൂരിന്റെ സ്വയംവരത്തിലെ സഹരചയിതാവ്. തോറ്റവും രുഗ്മിണിയുമടക്കം പത്ത് ചിത്രങ്ങൾ. ആകാശഗോപുരം അവസാനമിറങ്ങിയ ചിത്രം.

പ്രമുഖ കർണാടക സംഗീതജ്ഞനും സംഗീതസംവിധായകനുമായ ശ്രീവത്സൻ ജെ മേനോൻ ആണ് കുമാരനാശാനാകുന്നത്. മാധ്യമപരിചരണത്തിലും പുതിയ ശൈലിയാണ് പരീക്ഷിച്ചത്. കഥാപാത്രങ്ങളും നാടകീയ നിമിഷങ്ങളും നിറഞ്ഞ സാധാരണ ജീവചരിത്ര സിനിമപോലെ അല്ല സിനിമ.






## പ്രധാന പ്രഖ്യാപനങ്ങൾ

▸ കുടുംബശ്രീ സ്റ്റാർട്ട് അപ് വില്ലേജ് എന്റർപ്രണർഷിപ് പ്രോഗ്രാമിൽ 15,000 സംരംഭങ്ങൾക്കു തുടക്കമാകും. 50,000 പേർക്ക് തൊഴിൽ. ▸ കേരള ബാങ്ക്, പ്രാഥമിക സഹകരണ ബാങ്കുകൾ എന്നിവയിലെ വായ്പകളിലൂടെ 10,000 പേർക്ക് തൊഴിൽ ▸ 153 കുടുംബശ്രീ ഭക്ഷണശാലകൾ കൂടി ആരംഭിക്കും ▸ 20 മാവേലി സ്റ്റോറുകൾ സൂപ്പർ മാർക്കറ്റുകളായും 5 എണ്ണം സൂപ്പർ സ്റ്റോറുകളായും ഉയർത്തും ▸ ഒമ്പത് വ്യവസായ പദ്ധതികളുടെ ഉദ്ഘാടനം മാർച്ച് 31ന് മുമ്പ് നടത്തും ▸ ഗെയിൽ പൈപ്പ് ലൈൻ കൊച്ചി-മംഗലാപുരം റീച്ച് ജനുവരിയിലും കൊച്ചി-പാലക്കാട് റീച്ച് ഫെബ്രുവരിയിലും ഉദ്ഘാടനം ചെയ്യും ▸ റായ്പ്പൂർ-പുഗലൂർ-മാടക്കത്തറ വൈദ്യുതി ലൈൻ ജനുവരിയിലും ഉദ്ഘാടനം ചെയ്യും ▸ കെ-ഫോൺ പദ്ധതി ഒന്നാംഘട്ടത്തിന്റെ ഉദ്ഘാടനം ഫെബ്രുവരിയിൽ ▸ ദേശീയ ജലപാതയുടെ കോവളം മുതൽ ചാവക്കാട് വരെയുള്ള സ്ഥലം ഏറ്റെടുക്കലും മറ്റു പ്രവർത്തനങ്ങളുടെ ഉദ്ഘാടനവും ഫെബ്രുവരിയിൽ ▸ കൊച്ചി വാട്ടർ മെട്രോയുടെ ഉദ്ഘാടനം ഫെബ്രുവരിയിൽ ▸ ഒന്നര ലക്ഷത്തിലേറെ പട്ടയങ്ങൾ വിതരണം ചെയ്തു. 10000 പട്ടയങ്ങൾ കൂടി വിതരണം ചെയ്യും ▸ പുതിയതായി 49 പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തും ▸ 25 കോടി രൂപ ചെലവിൽ നിർമിച്ച 50 സ്കൂളുകളുടെയും 3 കോടി രൂപ ചെലവിൽ നിർമിച്ച 30 സ്കൂളുകളുടെയുമടക്കം 80 പുതിയ ആധുനിക സ്കൂൾ കെട്ടിടങ്ങൾ ഉദ്ഘാടനം ചെയ്യും ▸ 100 കേന്ദ്രങ്ങളിൽ ടേക്ക് എ ബ്രേക്ക് വഴിയോര വിശ്രമ കേന്ദ്രങ്ങൾ നിർമ്മാണം ആരംഭിക്കും ▸ ലൈഫ് പദ്ധതി പ്രകാരം പുതിയ 15,000 വീടുകൾകൂടി മാർച്ച് 31നകം പൂർത്തീകരിക്കും. 35,000 ഭവനങ്ങളുടെ നിർമ്മാണം തുടങ്ങും, ഭൂമിയും വീടും ഇല്ലാത്തവർക്ക് വീട് വയ്ക്കുന്നതിനായി 101 ഭവന സമുച്ചയങ്ങളുടെ നിർമാണം മൂന്നാംഘട്ടത്തിൽ ഏറ്റെടുക്കും ▸ മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്കുള്ള പുനർഗേഹം പദ്ധതിയിൽ കാരോട്, ബീമാപ്പള്ളി, വലിയതുറ, കൊല്ലം ക്യുഎസ്എസ് കോളനി, പൊന്നാനി ഫ്ളാറ്റ്, ആലപ്പുഴ പുറക്കാട്, കോഴിക്കോട് വെസ്റ്റ് എന്നിവിടങ്ങളിൽ 774 കുടുംബങ്ങൾക്കുള്ള ഫ്ളാറ്റുകൾ/വീടുകൾ ഉദ്ഘാടനം ചെയ്യും ▸ പട്ടികജാതി/പട്ടികവർഗ വിഭാഗങ്ങൾക്കായി 3000 പഠനമുറികൾ പൂർത്തിയാക്കും. പട്ടികജാതി-പട്ടികവർഗ വികസന കോർപ്പറേഷൻ വഴി 2000 പേർക്ക് സ്വയംതൊഴിൽ വായ്പ നൽകും ▸ സ്ത്രീകളുടെ സുരക്ഷയ്ക്കു വേണ്ടി ഇൻറഗ്രേറ്റഡ് വിമൻ സെക്യൂരിറ്റി ആപ് ▸ തനിച്ചു താമസിക്കുന്ന മുതിർന്ന പൗരൻമാർക്ക് വി-കെയർ പദ്ധതി ആരംഭിക്കും.

Connect with CM | fb.me/cmokerala twitter.com/cmokerala PRD Live Mobile App /keralainformation PRD Media Handbook App

ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ്
കേരള സർക്കാർ

RNI Regn No: 44790/90. Vol. XXXIII No.36 Reg. No.KL/TV(N)/33/2018-20. Printed and Published by K.J. Thomas on behalf of CPI (M) Kerala State Committee and printed at P.Krishna Pillai Memorial Printing & Publishing Co.(P) Limited, Thampanoor, Thiruvananthapuram-695 001 Chief Editor: P. Rajeev (Responsible for selection of news under the PRB Act). Phone 0471-2701800. Email: getdesh@gmail.com